Talented Bankers Literary Panel
പുസ്തകപരിചയം 87

പുസ്തകം പരിചയപ്പെടുത്തുന്നത്,
ഉണ്ണികൃഷ്ണൻ ഐ,
എസ് ബി ഐ പാനൂർ

**ഉടലാഴം (നോവൽ 2019)**
**ഫാസിൽ**

"ഏറ്റവും പൗരാണികമായ ജൈവായുധമാണ് പുരുഷലിംഗം. മനുഷ്യന്റെ ആത്മാവിനെ കൂടി മുറിപ്പെടുത്താൻ, മരണത്തോളം ഉറങ്ങാത്ത മുറിക്കാൻ സൃഷ്ടിക്കാൻ കഴിയുന്നവൻ. ബോസ്നിയയിലെയും കൊസോവയിലെയും ബറോഡയിലെയും അഹമ്മദാബാദിലെയും തെരുവുകളിൽ വാളുകളേക്കാൾ മികച്ച പ്രകടനം അവന്റെയായിരുന്നു."

നാട് വീണ്ടും നിർഭയ കേസ് ചർച്ചചെയ്യുമ്പോൾ, മിത്തും ചരിത്രവും ഇടകലർത്തിയെഴുതിയ ഭൂതയാത്ര എന്ന നോവലിനു ശേഷം ദുബായ് പശ്ചാത്തലത്തിൽ ഫാസിൽ കഴിഞ്ഞവർഷം എഴുതിയ മികച്ച ഒരു സ്ത്രീപക്ഷ രചനയാണ് ഉടലാഴം.

റേപ്പിന് ഇരയായ നാല് ഇന്ത്യൻ പെൺകുട്ടികൾ ഗൾഫിൽ ഒന്നിച്ച് ജീവിക്കുകയാണ്. പുരുഷലിംഗം ആണ് ഏറ്റവും ശക്തവും ക്രൂരവും നീചവും ആയ ആയുധമെന്ന് നേർസാക്ഷ്യം നടത്തുന്ന ഈ പെൺകുട്ടികൾ, സ്ത്രീസമൂഹത്തെ റേപ്പിൽ നിന്നും രക്ഷിക്കുന്നതിനായി ചെയ്യാനൊരുങ്ങുന്ന/ ചെയ്യാനാഗ്രഹിക്കുന്ന പദ്ധതികളാണ് ഈ നോവൽ ചർച്ച ചെയ്യുന്നത്.

ഭൂതകാലത്തിന്റെ നീറുന്ന ഓർമ്മകൾ പേറി, ഗൂഗിളിൽ സെർച്ച് ചെയ്തും, സിനിമകൾ കണ്ടും, സാമൂഹ്യക്ഷേമ വാർത്തകൾ ശ്രദ്ധിച്ചും സ്ത്രീകൾക്കായി റേപ്പുകൾ ഇല്ലാത്ത നല്ലൊരു ഭാവി ഇവർ സ്വപ്നം കാണുന്നു.

ഇവരിൽ പലരെയും ഗൾഫിൽ എത്തിച്ചതും പുനരധിവസിപ്പിച്ചതും ഇവർക്ക് മുന്നേ പീഡനത്തിനിരയായി ഇവിടെ എത്തിയ മറ്റ് മൂന്ന് സ്ത്രീകളാണ്. ഈ മൂന്ന് സ്ത്രീകളിലൂടെ, ക്രൂരമായ, നമ്മൾ മറന്നുകഴിഞ്ഞ, പൈശാചികമായ മൂന്നു പീഡനകഥകൾ ഒരിക്കൽ കൂടെ നോവലിസ്റ്റ് നമ്മിൽ എത്തിക്കുന്നു.

പോലീസ് സംഘങ്ങൾ ഗ്രാമത്തിലെത്തി നിരവധി സ്ത്രീകളെ മാനഭംഗപ്പെടുത്തിയ സംഭവത്തിൽ പീഡനം അനുഭവിച്ച മേരിയാന്റിയിലൂടെ 1986ലെ കേരളത്തിലെ തങ്കമണി സംഭവം.

അമിത്കൗറിലൂടെ 1984ൽ ഇന്ദിരാ ഗാന്ധിയുടെ മരണ ശേഷം നടന്ന ഡൽഹിയിലെ സിഖ് കലാപം (അവർ ഇന്ദിരാഗാന്ധി മരിച്ച ദിവസം ഡൽഹിയിൽ ഉണ്ടായ സംഭവങ്ങൾ രണ്ടു അദ്ധ്യായത്തിലായി പങ്കുവെക്കുന്നു).
രേവതി മുരുഗപ്പയിലൂടെ ഇന്ത്യൻ
പീസ് ആർമി 1987ൽ ജാഫ്ന ടീച്ചിങ് ഹോസ്പിറ്റലിൽ നടത്തിയ അതിക്രമം.

ഇത് കൂടാതെ ഇന്ത്യയിലും ലോകത്തെ മറ്റു പ്രദേശങ്ങളിലും നടന്ന കുപ്രസിദ്ധമായ ഒട്ടേറെ കൂട്ട ബലാത്സംഗങ്ങളെ പറ്റിയും നോവൽ പ്രതിപാദിക്കുന്നു.

ഗൾഫ് നാടുകളിലെ മാന്ദ്യം ആണ് ഈ നോവൽ ചർച്ചചെയ്യുന്ന മറ്റൊരു പ്രധാന കാര്യം. ഇതിലൂടെ ജോലി നഷ്ടപ്പെടുന്ന ലോകത്തിലെ വിവിധ ഭാഗങ്ങളിലുള്ള പ്രവാസികളിലൂടെയും നോവൽ കടന്നുപോകുന്നു.

ദുബായിൽ സ്ത്രീകൾക്ക് ഒരുക്കുന്ന സുരക്ഷയെ പറ്റിപറയുമ്പോൾ കേരളത്തിലെ സുരക്ഷയില്ലായ്മയും പീഡനത്തിനിരയായി നമ്മുടെ നാട്ടിൽ തന്നെ അതിവസിക്കേണ്ട സ്ത്രീകളുടെ മാനസികാവസ്ഥകളും നോവൽ ചർച്ച ചെയ്യുന്നു. മാനം നഷ്ടപ്പെടുന്ന സ്ത്രീകളുടെ അവസ്ഥ കണ്ടാൽ ഓണം വന്ന പോലെയാണ് നമ്മൾക്കെന്നും, പോലീസ് സ്റ്റേഷനിലും, പത്രത്താളുകളിലും ചാനലുകളിലും അവ ആഘോഷിക്കുന്നതു കാണുമ്പോൾ നീതിക്ക് കാത്തുനിൽക്കാതെ നാടുവിട്ടു പോരാൻ കൊതിക്കുന്നവരാണ് നമ്മളുടെ പെൺകുട്ടികളെന്ന് കഥാപാത്രങ്ങൾ പറയുന്നു.

അവരെ റേപ്പ് ചെയ്തവരോട് അവർക്ക് പ്രതികാരം ചെയ്യാൻ കഴിയുമോ ?
റേപ്പ് ഇല്ലാത്ത ഒരു ഇന്ത്യൻ സമൂഹം അവർക്ക് സൃഷ്ടിക്കാൻ കഴിയുമോ ?

വായിക്കുക.

ലോഗോസ് ആണ് പ്രസാധകർ
വില 180 രൂപ.